ധനം BUSINESS MAGAZINE



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

## ആഗോള പ്രവചന മാതൃക- അവസാന ഭാഗം

# മാറ്റങ്ങൾ വേഗത്തിൽ തിരിച്ചറിയുന്നവർക്ക് മുന്നിലെത്താം

**റോബോട്ടിക്സിലേക്കും ഓട്ടോമേഷനിലേക്കും കുറഞ്ഞ റെഗുലേഷൻ സാഹചര്യങ്ങളിലേക്കും ആദ്യം എത്തുക**

ഡൊണാൾഡ് ട്രംപ് വീണ്ടും അധികാരത്തിൽ വന്നതിന് ശേഷം അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്ന സമഗ്രമായ സാമ്പത്തിക, രാഷ്ട്രീയ മാറ്റങ്ങൾ മനസിലാക്കാൻ ശ്രമിക്കുകയാണ് ഓരോ ബിസിനസുകാരും. ഈ തീരുമാനങ്ങൾ ഇതിനകം തന്നെ ആഗോള വ്യാപാരം, തൊഴിൽ വിപണികൾ, മൂലധന പ്രവാഹം, നിക്ഷേപ തന്ത്രങ്ങൾ എന്നിവയെ സ്വാധീനിക്കുന്നുണ്ട്.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന, എന്റെ 'ആഗോള പ്രവചന മാതൃക' ലോകത്തെ കാണുന്നത് കാരണങ്ങൾ (Causes), പ്രവർത്തനങ്ങൾ (Actions), ഫലങ്ങൾ (Effects) എന്നിങ്ങനെയാണ്.

പ്രാഥമികമായി ചെലവ് കുറയ്ക്കുന്നതിലാണ്. കഴിഞ്ഞ പതിറ്റാണ്ടിനിടയിൽ ഫെഡറൽ ഡിഇഐയിൽ നിയമങ്ങളിൽ കൂടുതൽ അനുവർത്തന നിയമങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. അത് എന്തൊക്കെയെന്ന് നോക്കാം.

- നിർബന്ധിത ഡൈവേഴ്സിറ്റി ഓഡിറ്റുകൾ.
- പുതിയ എച്ച്ആർ റിപ്പോർട്ടിംഗ് ആവശ്യകതകൾ.
- നിർബന്ധിത തൊഴിൽ സേന പരിശീലനം.
- സപ്ലൈയർ ഡൈവേഴ്സിറ്റി രേഖകൾ.
- കരാറുകാർക്കുള്ള യൂണിവേഴ്സിറ്റി ശൈലിയിലുള്ള ഡിഇഐ പാഠ്യപദ്ധതി.

*Figure 1: Global Prediction Model*




അമേരിക്കയുടെ സാമ്പത്തിക ദിശയെ രൂപപ്പെടുത്തുന്ന നാല് പ്രധാന കാര്യങ്ങളെ കുറിച്ചാണ് ഈ ലേഖനത്തിൽ വിശദമാക്കുന്നത്.

1. വോക്ക് നയങ്ങൾ ഇല്ലാതാക്കൽ.
2. ദി ബിഗ് ബ്യൂട്ടിഫുൾ ബിൽ: നികുതി ഇളവുകൾ.
3. റോബോട്ടിക്സ്: തൊഴിലാളികൾക്ക് പകരം യന്ത്രങ്ങൾ.
4. പലിശ നിരക്കിലെ ഇളവുകൾ: പണലഭ്യത വർധിപ്പിക്കൽ.

### ❶ വോക്ക് നയങ്ങൾ ഇല്ലാതാക്കൽ: ചെലവുകൾ കുറയ്ക്കൽ

രാഷ്ട്രീയ സംവാദങ്ങൾ പലപ്പോഴും സംസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ 'വോക്ക് നയങ്ങൾ ഇല്ലാതാക്കുന്ന'തിന്റെ ബിസിനസ് പ്രഭാവം

- ഈ ആവശ്യകതകൾ പാലിച്ചില്ലെങ്കിൽ നിയമപരമായ പരസ്യപ്പെടുത്തൽ.
- അകത്തുതന്നെയുള്ള ടീമുകളും കൺസൾട്ടന്റുമാരും രേഖകൾ സൂക്ഷിക്കാൻ തുടങ്ങി.

യുഎസ് സർക്കാരുമായി ചേർന്നു പ്രവർത്തിക്കുന്ന ഇടത്തരം, അല്ലെങ്കിൽ വൻകിട കമ്പനിക്ക് ഈ അനുവർത്തന ബാധ്യതകൾ വലിയ ചെലവുകൾ വരുത്തി.

**ഈ നയം പിൻവലിക്കുമ്പോൾ എന്ത് സംഭവിക്കുന്നു?**

- പല നിർബന്ധിത ഓഡിറ്റുകളും ഇല്ലാതാക്കി.
- നിർബന്ധിത റിപ്പോർട്ടിംഗ് ഭാരം കുറച്ചു.
- പ്രത്യേക ഡിഇഐ പരിശീലന വെണ്ടർമാരുടെ ആവശ്യകത ഒഴിവാക്കി.
- എച്ച്ആർ പോളിസി ഡോക്യുമെന്റേഷൻ ചെലവുകൾ കുറച്ചു.



ഡൊണാൾഡ് ട്രംപ്

- നിയമപരമായ അനുവർത്തന ചെലവുകൾ കുറച്ചു.
- ഡിഇഐ കടലാസ് ജോലികൾ മൂലമുണ്ടാകുന്ന കരാർ അംഗീകാരത്തിലെ കാലതാമസം കുറഞ്ഞു.
- പ്രത്യേക ഡിഇഐ പാലന ജീവനക്കാരുടെ ആവശ്യം കുറച്ചു.

**ബിസിനസുകൾക്കുള്ള നേരിട്ടുള്ള ലാഭം**

ഒരു ഇടത്തരം ഫെഡറൽ കോൺട്രാക്ടർ സാധാരണയായി ചെലവഴിക്കുന്നത്:

- കംപ്ലയൻസ് സ്റ്റാഫ്, പരിശീലന കരാറുകൾ, റിപ്പോർട്ടിംഗ് എന്നിവയ്ക്കായി പ്രതിവർഷം അഞ്ച് ലക്ഷം ഡോളർ.
- ഡോക്യുമെന്റേഷനും ഓഡിറ്റുകൾക്കുമായി എണ്ണമറ്റ മണിക്കൂറുകൾ.
- ഓരോ പ്രധാന സബ്മിഷനും ആയിരക്കണക്കിന് ഡോളർ ചെലവ് വരുന്ന ലീഗൽ റിവ്യൂകൾ.

**ഈ നിയമങ്ങൾ നീക്കം ചെയ്തതോടെ എന്തുണ്ടായെന്ന് കമ്പനികൾ രഹസ്യമായി റിപ്പോർട്ട് ചെയ്യുന്ന കാര്യങ്ങൾ:**

- എച്ച്ആർ ചെലവുകൾ കുറഞ്ഞു.
- പ്രൊക്യൂയർമെന്റ് സൈക്കിൾസ് വേഗത്തിലായി.
- കോൺട്രാക്ടർ റിസ്ക് കുറഞ്ഞു.
- റെഗുലേറ്ററി പിഴകൾക്കുള്ള സാധ്യത കുറഞ്ഞു.
- മൊത്തത്തിൽ ലളിതമായ പ്രവർത്തനങ്ങൾ.

**ഫലം ഒറ്റവാക്കിൽ:**

വോക്ക് നയങ്ങൾ ഇല്ലാതാക്കുന്നതിലൂടെ റെഗുലേറ്ററി തടസങ്ങൾ കുറയുകയും യുഎസിൽ ബിസിനസ് ചെയ്യുന്നതിനുള്ള ചെലവ് കുത്തനെ കുറയുകയും ചെയ്യുന്നു.

ഇതാണ് യഥാർത്ഥത്തിലുള്ള സാമ്പത്തിക പ്രഭാവം. വിഷയത്തിന്മേലുള്ള രാഷ്ട്രീയ ബഹളങ്ങളേക്കാൾ ഇത് ഏറെ പ്രധാനമാണ്.

### ❷ ദി ബിഗ് ബ്യൂട്ടിഫുൾ ബിൽ: വളർച്ച കൂട്ടാനുള്ള നികുതി ഇളവുകൾ

അടുത്ത നടപടി ദി ബിഗ് ബ്യൂട്ടിഫുൾ ബിൽ ആണ്. ഇത് ഒരു സമഗ്ര നികുതി ഇളവ് പാക്കേജാണ്. ലക്ഷ്യങ്ങൾ ഇവയാണ്:

- ചെലവഴിക്കാനുള്ള വരുമാനം (Disposable income) വർധിപ്പിക്കുക.
- കോർപ്പറേറ്റ് നികുതികൾ കുറയ്ക്കുക.
- ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക.
- ചെറുകിട ബിസിനസുകളെ പിന്തുണയ്ക്കുക.
- യന്ത്രവൽക്കരണത്തിനായുള്ള നിക്ഷേപം ത്വരിതപ്പെടുത്തുക.

**എന്തുകൊണ്ട് ബിസിനസുകൾ ഇഷ്ടപ്പെടുന്നു**

- കൈവശമുള്ള ഉയർന്ന വരുമാനം - കൂടുതൽ നിക്ഷേപം.
- ബോണസ് മൂല്യശോഷണം- റോബോട്ടിക്സിന് വില കുറയുന്നു.
- കുറഞ്ഞ പാസ് ത്രൂ നികുതികൾ -

ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പണലഭ്യത മെച്ചപ്പെടുന്നു.

- ഉപഭോക്തൃ ചെലവിടൽ കൂടുന്നു- ഉയർന്ന വരുമാനം.

2017ലേത് പോലുള്ള വിപുലീകരണം പുനഃസൃഷ്ടിക്കാനാണ് ബിൽ ശ്രമിക്കുന്നത്. പക്ഷേ അതിനേക്കാൾ വലിയ തോതിലായി.

### 3 റോബോട്ടിക്സ്: അമേരിക്കയുടെ പുതിയ മത്സരായുധം

വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികൾക്ക് പകരം റോബോട്ടുകളെ വെയ്ക്കുക എന്ന അജണ്ടയ്ക്ക് വേണ്ടിയാണ് മാഗ വാദിച്ചത്. പ്രത്യേകിച്ചും:

- മാനുഫാക്ചറിംഗ്.
- വെയർഹൗസിംഗ്.
- റീറ്റെയ്ൽ.
- ലോജിസ്റ്റിക്സ്.
- ഫസിലിറ്റി മാനേജ്മെന്റ്.
- ഹെൽത്ത്കെയർ സപ്പോർട്ട് എന്നീ മേഖലകളിൽ.

ഹ്യൂമനോയ്ഡ് റോബോട്ടുകൾ: ചെലവ്-തൊഴിൽ-നിക്ഷേപത്തിന്മേലുള്ള ലാഭം കണക്കാക്കുമ്പോഴുണ്ടാകുന്ന അനുമാനങ്ങൾ:

- റോബോട്ടിന്റെ ചെലവ്: 1,20,000 ഡോളർ.
- വാർഷിക അറ്റകുറ്റപ്പണി: 10,000 ഡോളർ.
- മാറ്റിസ്ഥാപിക്കുന്നത്: അർധ വൈദഗ്ധ്യമുള്ള മൂന്ന് യുഎസ് തൊഴിലാളികളെ.
- ശരാശരി വേതനം: 40,000 ഡോളർ/പ്രതിവർഷം.

ഹ്യൂമൻ ലേബർ ചെലവ്: 3 x 40,000 ഡോളർ= 1,20,000 ഡോളർ/പ്രതിവർഷം.

റോബോട്ട് ചെലവ്: (ആദ്യ വർഷം)

1,20,000 ഡോളർ+10,000 ഡോളർ = 1,30,000 ഡോളർ.

രണ്ടാം വർഷം മുതൽ

ഓരോ വർഷവും 10,000 ഡോളർ മാത്രം.

രണ്ടാം വർഷം വാർഷിക ലാഭം

1,20,000 ഡോളർ–10,000 ഡോളർ = 1,10,000 ഡോളർ.

ചെലവ് തിരിച്ചുപിടിക്കൽ കാലയളവ്:

1,20,000 ഡോളർ/1,10,000 ഡോളർ

1.1 വർഷം (13 മാസം).

റോബോട്ടുകൾ ഒരു വർഷത്തിനുള്ളിൽ തന്നെ അതിന്റെ ചെലവ് തിരിച്ചുപിടിക്കുന്നു.

അതുകൊണ്ടാണ് ഫാക്ടറികൾക്കും വെയർഹൗസുകൾക്കും അവ വേഗത്തിൽ സ്വീകാര്യമാകുന്നത്.

റോബോട്ടിക്സ് യുഎസ് കയറ്റുമതിയുടെ മത്സരക്ഷമത പുനരുജ്ജീവിപ്പിക്കും.

കയറ്റുമതിയുടെ കാര്യത്തിൽ അമേരിക്കയുടെ ഏറ്റവും വലിയ തടസം എല്ലായ്പ്പോഴും ഉയർന്ന തൊഴിൽ ചെലവുകളായിരുന്നു.

റോബോട്ടിക്സ് അതിന് എങ്ങനെ പരിഹാരമാകുന്നു:

- ഓരോ യൂണിറ്റിന്റെയും ലേബർ കോസ്റ്റ് കുറയുന്നു.
- ഗുണനിലവാരം മെച്ചപ്പെടുന്നു.
- ലാഭം ഉയരുമ്പോൾ കയറ്റുമതി വില ഇടിയുന്നു.
- ഉൽപ്പാദനം രാജ്യത്തേക്ക് തിരികെയെത്തിക്കാനാകുന്നു.
- നികുതി ഇളവുകൾ യന്ത്രവൽകരണത്തെ കൂടുതൽ ചെലവ് കുറഞ്ഞതാക്കുന്നു.

ഇതിലൂടെ അമേരിക്കയുടെ കയറ്റുമതിയിലെ ദൗർബല്യം റോബോട്ടിക്സ് ഇല്ലാതാക്കുന്നു.

### 4 പലിശ നിരക്ക് കുറയ്ക്കൽ: പണലഭ്യത വർധിപ്പിക്കൽ

പുതിയ സാമ്പത്തിക ദിശയെ പിന്തുണയ്ക്കുന്ന നാലാമത്തെ പ്രധാന നടപടിയാണ് കുറഞ്ഞ പലിശ നിരക്കുകൾ.

നിരക്ക് കുറയ്ക്കുന്നതിലൂടെ

- വായ്പ ചെലവുകൾ കുറയുന്നു.
- വീട് വാങ്ങലും ഉപഭോക്തൃ ചെലവുകളും വർധിപ്പിക്കുന്നു.
- യന്ത്രവൽക്കരണം ഫിനാൻസിംഗ് ചെലവ് കുറയ്ക്കുന്നു.
- എസ്എംഇകളുടെ ക്യാഷ്ഫ്ളോ മെച്ചപ്പെടുത്തുന്നു.
- ഓഹരി വിപണി മൂല്യനിർണയവും ആത്മവിശ്വാസവും വർധിപ്പിക്കുന്നു.

നികുതി ഇളവുകൾക്കൊപ്പം കുറഞ്ഞ പലിശ നിരക്ക് കൂടിയാകുമ്പോൾ റോബോട്ടിക്സും മൂലധന വർധനവും എളുപ്പവും ചെലവ് കുറഞ്ഞതുമാക്കുന്നു.

**ഉപസംഹാരം: ഒരു ഏകീകൃത തന്ത്രം**

നിയന്ത്രണ ചെലവുകൾ കുറയ്ക്കൽ, നികുതി ഇളവുകൾ, യന്ത്രവൽക്കരണം കൂട്ടൽ, പലിശ നിരക്ക് കുറയ്ക്കൽ എന്നീ നാല് മാഗ നടപടികൾ പരസ്പര ബന്ധിതമായ തന്ത്രം രൂപപ്പെടാൻ ഇടയാക്കുന്നു.

- കുറഞ്ഞ അനുവർത്തന ഭാരം.
- കൂടുതൽ ലിക്വിഡിറ്റി.
- ഉയർന്ന ഉൽപ്പാദനക്ഷമത.
- കുറഞ്ഞ തൊഴിൽ ചെലവ്.
- മികച്ച കയറ്റുമതി മത്സരക്ഷമത.

ഇത് കേവലം രാഷ്ട്രീയമല്ല- യുഎസിന്റെ സാമ്പത്തിക പ്രവർത്തന സംവിധാനത്തിലെ മാറ്റമാണ്. ഈ മാറ്റങ്ങൾ നേരത്തെ മനസിലാക്കുന്ന ബിസിനസുകൾക്ക് വലിയ നേട്ടമുണ്ടാക്കാം. കാത്തിരിക്കുന്നവർ, റോബോട്ടിക്സിലേക്കും ഓട്ടോമേഷനിലേക്കും കുറഞ്ഞ റെഗുലേഷൻ സാഹചര്യങ്ങളിലേക്കും ആദ്യം എത്തിയ എതിരാളികളാൽ മറികടക്കപ്പെട്ടേക്കാം. ■

*ആഗോള പ്രവചന മാതൃകയുടെ മുൻ ലക്കങ്ങൾ വായിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



RICHMAX FINVEST (NBFC): Valath Tower, Opp. Aluva Palace, Palace Road, Aluva - 683101,
0484 2965697, 9037292815 | hello@richmaxgroup.com



0480 2080 002 | 80862 33333 | www.keeott.com | keeottofficial